ഉത്തരം

(എ) ഉണ്ട്. സാമൂഹ്യജലസേചനപദ്ധതി അനുസരിച്ച്.

(ബി) കർഷക സംഘങ്ങളിൽ നിന്നുള്ള അപേക്ഷകളും സ്വീകരിച്ച് വിശദമായ പഠനത്തിനുശേഷം ഈ പദ്ധതി നടപ്പാക്കാൻ വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

ചെറുകിട ജലസേചനപദ്ധതികളും

157. [200] ശ്രീ. കെ. പി. പ്രഭാകരൻ :
,, പി. കുമാരൻ :
,, എം. കെ. കേശവൻ :
,, വി. കെ. രാജൻ :
,, കെ. ടി. കുമാരൻ : താഴെ കാണുന്ന പ്രോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇൻവെസ്റ്റിഗേഷൻ പൂർത്തിയായ എത്ര ചെറുകിടജലസേചന പദ്ധതികൾക്ക് ഭരണാനുമതി നൽകാൻ ബാക്കിയുണ്ട്; ഓരോ ജില്ലയിലും ഏതെല്ലാം പദ്ധതികൾ എന്നു വ്യക്തമാക്കുമോ ;

(ബി) നടപ്പാക്കാനിരിക്കുന്ന ഈ പദ്ധതികൾ എത്ര ഹെക്ടർ ഭൂമിക്ക് ജലസേചനം നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ;

(സി) അവയ്ക്ക് മൊത്തം ചെലവാക്കേണ്ടിവരുന്ന തുകയെത്ര ?

ഉ ത്ത ര ം

(എ) കോട്ടയം, കൊല്ലം, ഇടുക്കി, ആലപ്പുഴ, കണ്ണൂർ, പത്തനംതിട്ട എന്നീ ജില്ലകളൊഴിച്ച് ബാക്കി ജില്ലകളിൽ മൊത്തം 46 ചെറുകിട ജലസേചനപദ്ധതികൾക്ക് ഭരണാനുമതി ലഭിക്കാനുണ്ട്. അതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

(1) തിരുവനന്തപുരം ജില്ല

1. തരുവാ മുതൽ മൂണാട്ട്മുക്കു വരെ തെറ്റിയാർ തോടിന്റെ ഉദ്ധാരണ പണികൾ
2. മംഗലാപുരം പഞ്ചായത്തിൽ തുംപംപള്ളി തോടിൽ മുറിഞ്ഞ പാലം മുതൽ പോത്തൻകോട് വരെയുള്ള ഉദ്ധാരണപണികൾ
3. നാവായ്കുളം പഞ്ചായത്തിൽ കടവൂർതട്ട് പാലം, കുണ്ടമൻ കടവ് തോടും അതിന്റെ ശാഖകളുടെയും ഉദ്ധാരണപണികൾ.
4. മുദാക്കൽ പഞ്ചായത്തിലെ എളമ്പാ ഏലാതോടിന്റെ പുനരുദ്ധാരണ പണികൾ.
5. മുദാക്കൽ പഞ്ചായത്തിൽ കോടയത്തുകോണം വെട്ടി തുറമുഖി തോടിന്റെ പുനരുദ്ധാരണപണികൾ.

LIBRARY ARCHIVES Kerala Legislative Assembly

(2) എറണാകുളം ജില്ല

1. ആലുവായിൽ കളമശ്ശേരി എൽ. ഐ. വിപുലീകരിക്കുക.
2. കുന്നുകര പഞ്ചായത്തിൽ കുരിശു പള്ളി എൽ. ഐ. പദ്ധതി.
3. എറണാകുളം പാണ്ടേചിറ എൽ. ഐ. പദ്ധതി.
4. മാംപ്ര എൽ. ഐ. പദ്ധതി.
5. കൂനത്താൻകുന്ന് എൽ. ഐ. പദ്ധതി.
6. തിരുവാണിയൂർ പഞ്ചായത്തിലെ കുറുകപ്പിള്ളി വലിയതോട് പുനരുദ്ധാരണം.
7. മതക്കടവ് മുതൽ മഞ്ഞേരി കുര്യ വരെ മനയ്ക്കൽകടവ് തോടിന്റെ പുറംബണ്ടിന്റെ നിർമ്മാണം.
8. വാക്കോച്ചിറ മുതൽ താഴെ കടംപ്രയാറിന്റെ വലതുകരയിലുള്ള നിലങ്ങൾക്കു പുറം ബണ്ട് നിർമ്മിക്കുക.
9. അബാനാട് ചിറയുടെ ഉദ്ധാരണ പണികളും സ്ലൂയിസിന്റെ പുനർ നിർമ്മാണവും.
10. ചെറിയ പിള്ളി കണ്ടേക്കടവ് തോടിന്റെ സംരക്ഷണ പണികൾ.
11. കണ്ടല്ലൂർ പഞ്ചായത്തിലെ ഇടയാറ്റൂർചാർ ജലനിർഗമനിയുടെ ആഴവും വീതിയും കൂട്ടുക.
12. പാറക്കടവ് പഞ്ചായത്തിൽ പാലുമുഴ എൽ. ഐ. പദ്ധതി.

(3) തൃശ്ശൂർ ജില്ല

1. അച്ചൻകുഞ്ഞ് എൽ. ഐ. സ്കീം.
2. ചെവ്വൂർ വില്ലേജിൽ പുത്താക്കൽ എൽ. ഐ. സ്കീം.
3. മട്ടത്തൂർ പഞ്ചായത്തിന്റെ ചെട്ടിച്ചാൽ എൽ. ഐ. സ്കീം
4. വെര കാനിശ്ശേരി വില്ലേജിൽ മൂക്കുന്നു എൽ. ഐ. സ്കീം.
5. കാട്ടൂർ പഞ്ചായത്തിലെ മുനയം എൽ. ഐ. സ്കീം.
6. മതിലകം ബ്ലോക്കിലെ വലിയതോട് ആഴവും വീതിയും കൂട്ടുക.
7. തൃശ്ശൂരിലെ മാളയിൽ ഒരപ്പാമിച്ചിറ എൽ. ഐ. സ്കീം.
8. നെൽമേനി വില്ലേജിൽ പാലാഴി എൽ. ഐ. സ്കീം.
9. പരിയാരം പഞ്ചായത്തിലെ തവളപ്പാറം എൽ. ഐ. സ്കീം
10. കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിൽ നാരായണ മംഗലം വില്ലേജിൽ ഉപ്പു നിരോധനബണ്ട് നിർമ്മിക്കുക.
11. കാറളം പഞ്ചായത്തിലെ കാറളം എൽ. ഐ. സ്കീം.
12. കടത്തോട് പഞ്ചായത്തിൽ മല്ലാൻകുഴി അണക്കെട്ടിന്റെ നിർമ്മാണം.

(4) പാലക്കാട് ജില്ല

1. അട്ടപ്പാടിയിൽ ചിണ്ടക്കി എൽ. ഐ. സ്കീം.
2. ആനമൂലി ഇറിഗേഷൻ സ്കീം പുനരുദ്ധാരണം.
3. അട്ടപ്പാടിയിൽ പുത്തൂർ പഞ്ചായത്തിലെ പുത്തൂർ എൽ. ഐ. സ്കീം

LIBRARY ARCHIVES Kerala Legislative Assembly

4. അട്ടപ്പാടിയിൽ പുത്തൂർ പഞ്ചായത്തിലെ പാടവയൽ എൽ. ഐ. സ്കീം

5. പടികാക്കലും കൂമം തോടും ഉദ്ധരിക്കാനും റഗുലേറ്റർ നിർമ്മിക്കാനും.

6. പരതൂർ പഞ്ചായത്തിൽ മടപ്പാക്കടവ് എൽ. ഐ. സ്കീം.

(5) മലപ്പുറം ജില്ല

1. പാണ്ടിപ്പാടം പഞ്ചായത്തിൽ വെട്ടിക്കടവ് എൽ. ഐ. സ്കീം
2. മങ്കടം പഞ്ചായത്തിൽ താരാ എൽ. ഐ. സ്കീം.
3. കരുളായി പഞ്ചായത്തിൽ പാണ്ടിയാലം പാടം എൽ. ഐ. സ്കീം
4. വളളിക്കുന്ന് പഞ്ചായത്തിൽ കാക്കത്തോട് ഡ്രയിനേജ് സ്കീം.

(6) കോഴിക്കോട് ജില്ല

1. വടകര താലൂക്കിൽ ചിരനടത്തൂർ ചിറ അഭിവൃത്തിപ്പെടുത്തുക (ഡ്രയിനേജ് പദ്ധതി).

2. മേല്പയൂർ മുതൽ കരുവോട്ടു ചിറ വരെയുള്ള ഡ്രയിനേജ് കനാലിന്റെ അംശവും വീതിയും കൂട്ടൽ.

(7) വയനാട് ജില്ല

1. ചാലിഗദ്ദ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, വയനാട്.

2. വയനാട് പുൽപ്പള്ളി പഞ്ചായത്തിലെ പഠക്കം എൽ. ഐ. സ്കീം.

3. നൂൽപ്പുഴ പഞ്ചായത്തിൽ വടക്കനാട് വെള്ളിക്കട തോടിനു ഒരു ഡിവിഷൻ നിർമ്മിക്കുക.

(8) കാസർകോഡ് ജില്ല

1. അടൂർ വില്ലേജിൽ മണപ്പാറ എൽ. ഐ. സ്കീം.

2. ദേലംപാടി പഞ്ചായത്തിൽ പള്ളംകോട് എൽ. ഐ. സ്കീം.

(ബി) 7965.382 ഹെക്ടർ

(സി) 565.158 ലക്ഷം രൂപ.

കോട്ടയം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, കണ്ണൂർ, എന്നീ ജില്ലകളിലെ വിശദമായ വിവരം ശേഖരിച്ചുവരുന്നു.

ചെറുകിട ജലസേചന പദ്ധതിക്ക് ചെലവഴിച്ച സംഖ്യ

155 [201] ശ്രീ. വി. കേശവൻ : താഴെ കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചെറുകിട ജലസേചനപദ്ധതികൾക്കായി 1984-85, 1985-86 വർഷങ്ങളിൽ ചെലവഴിച്ച സംഖ്യ എത്ര ?

ഉത്തരം

1984-85, 1985-86 എന്നീ വർഷങ്ങളിൽ യഥാക്രമം 953.08 ലക്ഷം 703.14 ലക്ഷം രൂപ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly